പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5797 03.11.2016 -ൽ മറുപടിക്ക്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റ്

**ചോദ്യം**

**ശ്രീ. പി.കെ. ശശി**

എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റ് കഴിഞ്ഞ സർക്കാർ കാലയളവിൽ തൊഴിൽ മേഖലാ വികസനം, സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ തൊഴിലാളികൾക്ക വേണ്ടി ഓരോ വർഷവും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇതിനായി ഓരോ വർഷവും ലഭിച്ച സർക്കാർ ധനസഹായം എത്രയാണെന്നും എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. ടി.പി. രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റ് (കിലെ) കഴിഞ്ഞ സർക്കാർ കാലയളവിൽ തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങൾക്കുമായി സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നീ മേഖലകളിൽ നടത്തിയിട്ടുള്ള വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. വർഷാ വർഷങ്ങളിൽ കിലെയ്ക്ക് പദ്ധതി വിഹിതയിനത്തിൽ ലഭിച്ച തുകയാണ് ഇതിനായി വിനിയോഗിച്ചിട്ടുള്ളത്.

കഴിഞ്ഞ 5 വർഷക്കാലയളവിൽ സർക്കാരിൽ നിന്നും കിലെയ്ക്ക് ലഭിച്ചിട്ടുള്ള ധനസഹായവും അവയുടെ ചെലവും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2011-12 | 60 | 42.56 |
| 2 | 2012-13 | 100 | 100 |
| 3 | 2013-14 | 150 | 150 |
| 4 | 2014-15 | 160 | 101.08 |
| 5 | 2015-16 | 280 | 82.07 |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവർത്തനങ്ങളിൽ എന്തുമാറ്റമാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | ബി) | തൊഴിൽ മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഉപയോഗപ്രദമാകത്തക്ക രീതിയിൽ ബോധവൽക്കരണം, നൈപുണ്യ വികസനം തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും ഇതുമായി ബന്ധപ്പട്ട ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ കിലെയെ ഒരു ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിനും ലക്ഷ്യമിടുന്നു. |
| സി) | കിലെ കഴിഞ്ഞ സർക്കാർ കാലയളവിൽ പുറപ്പെടുവിച്ച പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമെന്നും ഓരോ വർഷവും ഓരോ പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവാക്കിയ തുക എത്രയെന്നും എത്ര തുക പരസ്യ ഇനത്തിൽ ഓരോ പ്രസിദ്ധീകരണത്തിനും ലഭിച്ചു എന്നും സർക്കാർ തുക എത്ര ഓരോ പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവഴിച്ചു എന്നുള്ളവയുടെ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ? | സി) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു |

0

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്